REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 30-07-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ഓപ്പറേഷൻ സിന്ദൂർ അവസാനിപ്പിക്കാൻ ഒരു ലോക നേതാവും ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ച രാജ്യസഭയിൽ ഇന്നും തുടരും.**
- **വയനാട് ഉരുൾ പൊട്ടൽ ദുരന്തത്തിന് ഇന്ന് ഒരാണ്ട്.**
- **വിഷമസന്ധികളെ ആത്മവിശ്വാസം കൈവിടാതെ ഒറ്റക്കെട്ടായി മറികടക്കുന്ന കേരള മാതൃകയുടെ പ്രതീകമാണ് മുണ്ടക്കൈയും, ചൂരൽമലയുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **നാസയുടെയും, ISRO യുടെയും ആധുനിക റഡാറുകളുമായി നിസാർ ഉപഗ്രഹം ഇന്ന് ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിക്കും.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂർ അവസാനിപ്പിക്കാൻ ഒരു ലോക നേതാവും ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി. അമേരിക്കൻ സമ്മർദ്ദമാണ് പാകിസ്ഥാനുമായി വെടിനിർത്തലിന് കാരണമായതെന്ന പ്രതിപക്ഷ ആരോപണത്തിന്, ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ചയിൽ ലോക്സഭയിൽ മറുപടി നൽകുകയായിരുന്നു പ്രധാനമന്ത്രി.

ഇനി സഹിക്കാൻ കഴിയില്ലെന്ന് അപേക്ഷിച്ച് ഓപ്പറേഷൻ സിന്ദൂർ നിർത്താൻ ഇന്ത്യയെ പ്രേരിപ്പിച്ചത് പാകിസ്ഥാനാണെന്ന് നരേന്ദ്രമോദി പറഞ്ഞു.

പാകിസ്ഥാൻ ആക്രമിച്ചാൽ ഇന്ത്യ പ്രതികരിക്കുമെന്ന് US വൈസ് പ്രസിഡന്റിനോട് ഇന്ത്യ നിലപാട് വ്യക്തമാക്കിയിരുന്നുവെന്നും അദ്ദേഹം അറിയിച്ചു. പാകിസ്ഥാന്റെ ആണവ ഭീഷണിക്ക് വഴങ്ങില്ലെന്ന് ഇന്ത്യ ലോകത്തിന് ബോധ്യപ്പെടുത്തിയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. സ്വയംപര്യാപ്തതയിലേക്ക് നീങ്ങുന്ന രാജ്യത്തിനെതിരെ കോൺഗ്രസ് പാകിസ്ഥാനിൽ നിന്ന് പ്രശ്നങ്ങൾ ഇറക്കുമതി ചെയ്യുകയാണെന്ന് നരേന്ദ്രമോദി കുറ്റപ്പെടുത്തി. പ്രധാനമന്ത്രിയുടെ മറുപടിക്കുശേഷം ലോക്സഭാ പിരിഞ്ഞു. രാവിലെ 11ന് സഭ പുനരാരംഭിക്കും.

✪✪✪

ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ച രാജ്യസഭയിൽ ഇന്നും തുടരും. ഇന്നലെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗാണ് രാജ്യസഭയിലെ പ്രത്യേക ചർച്ചയ്ക്ക് തുടക്കമിട്ടത്. പഹൽഗാമിൽ 26 നിരപരാധികളെ ക്രൂരമായി കൊലപ്പെടുത്തിയ ജമ്മു കശ്മീരിലെ മൂന്ന് ഭീകരരെ ഇല്ലാതാക്കിയതിന് ഇന്ത്യൻ സൈന്യത്തെയും സുരക്ഷാ സേനയെയും അദ്ദേഹം അഭിനന്ദിച്ചു. ഭാവിയിൽ പാകിസ്ഥാൻ എന്തെങ്കിലും ദുസ്സാഹസങ്ങൾക്ക് തുനിഞ്ഞാൽ ഓപ്പറേഷൻ സിന്ദൂർ പുനരാരംഭിക്കാൻ മടിക്കില്ലെന്ന് രാജ്യരക്ഷാ മന്ത്രി വ്യക്തമാക്കി. പാകിസ്ഥാന്റെ ആണവ ഭീഷണിക്കും മറ്റ് യുദ്ധ തന്ത്രങ്ങൾക്കും ഇന്ത്യ വഴങ്ങില്ലെന്നും അദ്ദേഹം പറഞ്ഞു.

അതെ സമയം ഓപ്പറേഷൻ സിന്ദൂറിനിടെ വെടിനിർത്തൽ പ്രഖ്യാപിച്ചതിൽ കേന്ദ്രഗവേണ്മെന്റിനെ ചർച്ചയിൽ പങ്കെടുത്ത രാജ്യസഭാ പ്രതിപക്ഷനേതാവ് മല്ലികാർജുൻ ഖർഗേ വിമർശിച്ചു. ഇന്റലിജൻസ് വീഴ്ചയാണ് ഭീകരാക്രമണത്തിന് പിന്നിലെന്നും ഖാർഗെ ആരോപിച്ചു. എന്നാൽ സമ്മർദ്ദത്തിന് വഴങ്ങിയല്ല ഇന്ത്യ വെടിനിർത്തലിന് തയ്യാറായതെന്നും, ഇക്കാര്യത്തിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി പ്രധാനമന്ത്രി നരേന്ദ്രമോദി സംഭാഷണം നടത്തിയിട്ടില്ലെന്നും രാജ്യരക്ഷാ മന്ത്രി വ്യക്തമാക്കി.

✪✪✪

വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല ഗ്രാമങ്ങളെ ഭൂപടത്തിൽ നിന്ന് തുടച്ചു നീക്കിയ ദുരന്തത്തിന് ഇന്ന് ഒരാണ്ട്. മേപ്പാടി പഞ്ചായത്തിലെ മഹാദുരന്തമുണ്ടായത് കഴിഞ്ഞ ജൂലൈ 30 നാണ്. ഔദ്യോഗിക കണക്കനുസരിച്ച് 298 പേർക്കാണ് ദുരന്തത്തിൽ ജീവൻ നഷ്ടമായത്.

വയനാട് പ്രതിനിധി അരുൺ വിൻസെന്റ്.

.....(വോയ്സ്).......

✪✪✪

ദുരന്തത്തിന്റെ ഒരാണ്ട്  പിന്നിടുമ്പോൾ പുത്തുമല ജൂലൈ 30 ഹൃദയഭൂമിയിൽ രാവിലെ എട്ടു മണിയോടെ ഹാരിസൺ പ്ലാന്റേഷൻ തൊഴിലാളികളുടെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തും. തുടർന്ന് ജില്ലാ ഭരണകൂടവും, മേപ്പാടി ഗ്രാമപഞ്ചായത്തും ചേർന്ന്  പുഷ്പാർച്ചനയും സർവമത പ്രാർത്ഥനയും നടത്തും. മേപ്പാടി MSV ഓഡിറ്റോറിയത്തിൽ അനുസ്മരണ യോഗവും സംഘടിപ്പിക്കും.

മന്ത്രിമാരായ K.രാജൻ, AK ശശീന്ദ്രൻ, OR കേളു, PA മുഹമ്മദ് റിയാസ് തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

വിഷമസന്ധികളെ  ആത്മവിശ്വാസം കൈവിടാതെ ഒറ്റക്കെട്ടായി മറികടക്കുന്ന കേരള മാതൃകയുടെ മഹത്തായ പ്രതീകമാണ്  മുണ്ടക്കൈയും, ചൂരൽമലയുമെന്ന്  മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു.

വീടുകൾ നഷ്ടപ്പെട്ട് വാടകയ്ക്ക് മാറേണ്ടി വന്നവർക്ക്  6,000 രൂപ വീതം ഈ മാസം വരെ ധനസഹായം നൽകിവരുന്നുണ്ട്. പുനരധിവാസം സ്ഥിരമാകുന്നതു വരെ ഈ സഹായം തുടരുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

വീട്ടുവാടകയിനത്തിൽ  മെയ് വരെ  മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നാല് കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. മരിച്ചവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ വീതം നൽകി.  ഗുരുതരമായി പരിക്കേറ്റവർക്ക്  75,000 രൂപ വരെയും  ദുരന്ത നിവാരണ നിധി സഹായത്തിനു പുറമെ  അനുവദിച്ചതായും അദ്ദേഹം പറഞ്ഞു.

ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങളിലെ പ്രായപൂർത്തിയായ ഒരാൾക്ക് പ്രതിമാസം 9,000 രൂപ വീതം ഒൻപത് മാസത്തേക്ക് നൽകിയിട്ടുണ്ട്. ഈയിനത്തിൽ  ഒൻപത് കോടിയിൽപ്പരം രൂപ  ചെലവഴിച്ചു.

ദുരിത ബാധിതർക്കായി നിർമ്മിക്കുന്ന പുനരധിവാസ ടൗൺഷിപ്പിൽ 410 കുടുംബങ്ങൾക്കാവശ്യമായ താമസ സൗകര്യവും,  പൊതു കെട്ടിടങ്ങളും, റോഡുകളും, മറ്റ് അവശ്യ സംവിധാനങ്ങളും നിർമ്മിച്ചുവരികയാണ്. ഉൾപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ ജൂൺ 25 വരെ ആകെ 771 കോടിയോളം രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ചത്. ഇതിൽ നിന്ന് 92 കോടിയോളം രൂപ പുനരധിവാസവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ചെലവഴിച്ചു. എൽസ്റ്റൺ എസ്റ്റേറ്റ് ഭൂമി ഏറ്റെടുക്കലിന് 43 കോടിയിൽപ്പരം രൂപയും ടൗൺഷിപ്പ് പ്രോജക്ടിന് 20 കോടി രൂപയും നൽകിയെന്ന് മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

മുണ്ടക്കൈയ്ക്കും, ചൂരൽമലയ്ക്കുമൊപ്പം കഴിഞ്ഞ ജൂലായ് 30 ന് ഉരുൾ പൊട്ടലുണ്ടായ വിലങ്ങാടും ദുരന്തത്തിന്റെ ഒരു വർഷം പിന്നിടുകയാണ്. മുന്നറിയിപ്പ് നൽകി പ്രദേശവാസികളെ ഒഴിപ്പിച്ചതിലൂടെ വലിയ തോതിൽ ആളപായം ഇല്ലാതാക്കാൻ കഴിഞ്ഞതിന്റെ ആശ്വാസം വിലങ്ങാടിനുണ്ട്.

രക്ഷാപ്രവർത്തനത്തിനിടെ ഒഴുക്കിൽപ്പെട്ട് മരിച്ച മാത്യു മാഷിന്റെ വിയോഗമാണ് ഇന്നും നീറുന്ന ഓർമയായി ശേഷിക്കുന്നത്.

✪✪✪

വയനാട്ടിലെയും വിലങ്ങാട്ടെയും ദുരിതബാധിതർക്ക് സഹായം നൽകുന്നതിൽ കേരള ഗവൺമെന്റ് അലംഭാവം കാണിക്കുകയാണെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് കുറ്റപ്പെടുത്തി. വിലങ്ങാട് ദുരന്തത്തിനിരയായ 150 കുടുംബങ്ങൾളിൽ 30 പേർക്ക് മാത്രമാണ് നഷ്ടപരിഹാരം ലഭിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

ദുരിതാശ്വാസ നിധിയിൽ ഫണ്ട് കുമിഞ്ഞു കൂടിയിട്ടും ഗവൺമെന്റ് ചെലവഴിക്കുന്നില്ലെന്ന് സണ്ണി ജോസഫ് ആരോപിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് മുതൽ പശ്ചിമ ബംഗാളിലും ജാർഖണ്ഡിലും മൂന്ന് ദിവസത്തെ സന്ദർശനം നടത്തും. പശ്ചിമ ബംഗാൾ സന്ദർശന വേളയിൽ, പശ്ചിമ ബംഗാളിലെ കല്യാണിയിൽ എയിംസിന്റെ ആദ്യ ബിരുദദാന ചടങ്ങിൽ അവർ പങ്കെടുക്കും.

ജാർഖണ്ഡിൽ, എയിംസ് ദിയോഖറിന്റെ ആദ്യ ബിരുദദാന ചടങ്ങിലും രാഷ്ട്രപതി സംബന്ധിക്കും. പിന്നീട്, ധൻബാദ് IIT യുടെ 45-ാം ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

നാസയുടെയും, ISRO യുടെയും ആധുനിക റഡാറുകളുമായി നിസാർ ഉപഗ്രഹം ഇന്ന് ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിക്കും. സതീഷ്ധവാൻ ബഹിരാകാശ

കേന്ദ്രത്തിൽ നിന്ന് വൈകിട്ട് 5-40 ന് GSLV -F-16 റോക്കറ്റ് ഉപയോഗിച്ചാണ് വിക്ഷേപണം. കൗണ്ട് ഡൗൺ ഇന്നലെ ഉച്ചയ്ക്ക് 2-10 ന് ആരംഭിച്ചു.

12 ദിവസം കൊണ്ട് ഭൂമിയെ മുഴുവൻ സ്കാൻ ചെയ്യുന്ന റഡാർ സംവിധാനമാണ് ഉപഗ്രഹത്തിൽ ഒരുക്കിയിരിക്കുന്നത്. കാലാവസ്ഥാമാറ്റ ഗവേഷണം, ദുരന്ത പ്രതികരണം തുടങ്ങിയ മേഖലകൾക്ക് സെന്റീമീറ്ററുകളുടെ സൂക്ഷ്മതയോടെ വ്യക്തമായ ചിത്രങ്ങൾ റഡാറുകൾ ലഭ്യമാക്കും. കപ്പലുകളുടെ ഗതി നീരീക്ഷിക്കാനും, കൊടുങ്കാറ്റടക്കം പ്രകൃതിക്ഷോഭങ്ങൾ മുൻകൂട്ടി കണ്ടെത്താനും നിസാർ സഹായകമാകും.

✪✪✪

സംസ്ഥാനത്ത് കാലവർഷത്തിന്റെ നേരിയ തോതിൽ കുറഞ്ഞു. ഇന്ന് ഒരു ജില്ലയിലും ജാഗ്രതാ നിർദ്ദേശമില്ല. എന്നാൽ എല്ലാ ജില്ലകളിലും മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ വിലയിരുത്തൽ.

കേരള- ലക്ഷദ്വീപ്- കർണാടക തീരങ്ങളിൽ ശക്തമായ കാറ്റുണ്ടാകാൻ സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

നാല് ജില്ലകളിലെ കലക്ടർമാരടക്കം 25 സിവിൽ സർവീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കി. എറണാകുളം, ഇടുക്കി, കോട്ടയം, പാലക്കാട് കലക്ടർമാരെയാണ് മാറ്റിയത്. എറണാകുളം കലക്ടറായിരുന്ന NS ഉമേഷിനെ പൊതുവിദ്യാഭ്യാസ ഡയറക്ടർ ജനറലായി നിയമിച്ചു. പാലക്കാട് കലക്ടറായിരുന്ന V പ്രിയങ്കയാണ് പുതിയ എറണാകുളം കലക്ടർ. MS മാധവിക്കുട്ടിയെ പാലക്കാട് കലക്ടറായി നിയമിച്ചു. ഡോ. ദിനേശൻ ചെറുവാട്ടിനെ ഇടുക്കിയിലും ചേതൻകുമാർ മീണയെ കോട്ടയത്തും കലക്ടർമാരായി നിയമിച്ചു.

✪✪✪

KSRTC യ്ക്ക് പെൻഷൻ വിതരണത്തിന് 71 കോടി 21 ലക്ഷം രൂപ ഗവൺമെന്റ് അനുവദിച്ചു. ഈ മാസം ആദ്യഗഡുവായി 20 കോടി രൂപ നേരത്തെ അനുവദിച്ചിരുന്നു. ഈ വർഷത്തെ ബജറ്റിൽ അനുവദിച്ച 900 കോടി രൂപയിൽ 479 കോടി രൂപയും ഇതിനകം കൈമാറിയതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു.

✪✪✪

ശബരി മലയിൽ ഇന്ന് നിറപുത്തരി. പുന്നെല്ലിൻ കതിര് നിറച്ച് ഭക്തി നിർഭരമായ ചടങ്ങുകളോടെ സന്നിധാനത്ത് നിറപുത്തരി പൂജ നടത്തി.

പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധറിന്റെ റിപ്പോർട്ട്.

....(വോയ്സ്)........

✪✪✪

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി ലാഭവിഹിതം വർദ്ധിപ്പിക്കുമെന്ന് മന്ത്രി P രാജീവ് പറഞ്ഞു. കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ സംസ്ഥാനത്തെ ആദ്യ വിൽപനശാല കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ആകാശവാണി കണ്ണൂർ നിലയവും , ജവഹർലാൽ നെഹ്റു പബ്ലിക് ലൈബ്രറിയും ചേർന്ന് വൈകിട്ട് മുഹമ്മദ് റഫി അനുസ്മരണ പരിപാടി സംഘടിപ്പിക്കും. ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിൽ സംഗീത സംവിധായകൻ ജെറി അമൽദേവ് റഫി അനുസ്മരണ പ്രഭാഷണം നടത്തും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRT: ഫസ്ന ഫാത്തിമ*
*DEO: ഷീബ*